LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിയിൽ സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, പൂരക്കളി, ബാന്റ് വാദ്യം, അക്ഷര ശ്ലോകം, വാദ്യകലകൾ, ക്ലാസിക് കലകൾ, ക്ഷേത്ര ശില്പകല, ചിത്രകല, നാടൻ കലാരൂപങ്ങൾ, ആദിവാസി കലകൾ, മേളം, മാപ്പിള കലകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും ഒരു ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനം ഉള്ളവരുമായ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(സി) ഉണ്ട്.

(ഡി) കേരള ഫോക്‌ലോർ അക്കാദമി ശിപാർശ ചെയ്ത മലപ്പുറം ജില്ലയിൽ നിന്നുള്ള 8 കലാകാരന്മാരാണ് കോൽക്കളി വിഭാഗത്തിൽ പെൻഷൻ കൈപ്പറ്റുന്നത്.

## പാർലമെന്ററികാര്യ വകുപ്പിന്റെ കുട്ടികൾക്കായുള്ള പരിപാടികൾ

111 (938) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി നടത്തികൊണ്ടിരിക്കുന്ന വിവിധ പരിപാടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) പാർലമെന്ററികാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള സെമിനാർ കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ നടന്നിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംസ്ഥാനത്തെ ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ നടത്തിവരുന്നു. മത്സരത്തിൽ മികച്ച

പാർലമെന്റേറിയന്മാരായി തെരഞ്ഞെടുക്കുന്ന കുട്ടികൾക്കായി പഴയ നിയമസഭാ ഹാളിൽവച്ച് മോഡൽ പാർലമെന്റ്, ദ്വിദിന ക്യാമ്പ്, പാർലമെന്റ് സന്ദർശനം എന്നിവയും കൂടാതെ പാർലമെന്ററി ജനാധിപത്യത്തെ അടിസ്ഥാനമാക്കി ക്വിസ്/പ്രസംഗം/ ഉപന്യാസം എന്നിവയിൽ മത്സരങ്ങളും ജില്ലാ/സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കോഴിക്കോട് ജില്ലയിൽ സെമിനാർ നടന്ന സ്കൂളുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

112 (939) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2018-19 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ രാഷ്ട്രീയവും, സാമൂഹികപരവുമായി പ്രാധാന്യമുള്ള ഏതെങ്കിലും വിഷയങ്ങളിൽ പഠനവും, ഗവേഷണവും നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 200 കോളേജുകളിൽ മോഡൽ പാർലമെന്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) കേരള സർവ്വകലാശാല സർവ്വേ റിസർച്ച് സെന്ററുമായി സഹകരിച്ച് തെരഞ്ഞെടുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററായി ഉയർത്തുന്നതിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly